## പതിനാലാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1297** **31.10.2019 -ൽ മറുപടിയ്ക്ക്**

### സ്കൂളുകളിലെ സൗജന്യ ഉച്ചഭക്ഷണ വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി.പി. അയിഷാ പോറ്റി** | പ്രൊഫ : സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) സ്കൂൾതലത്തിൽ നിലവിൽ ഏത് ക്ലാസുവരെയാണ് സൗജന്യ ഉച്ചഭക്ഷണ വിതരണം നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) നിലവിൽ 8-ാം ക്ലാസ്സുവരെയാണ് (സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളുകളിലെ) സൗജന്യ ഉച്ചഭക്ഷണ പദ്ധതി നടപ്പിലാക്കി വരുന്നത്. ഇതോടൊപ്പം സ്പെഷ്യൽ സ്കൂളുകൾ, എം. ജി. എൽ. സികൾ എന്നിവിടങ്ങളിലും പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. |
| ബി) പ്രസ്തുത പദ്ധതി ഹയർസെക്കണ്ടറി തലംവരെ വ്യാപിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ ; | ബി) തത്ക്കാലം പരിഗണനയിലില്ല. |
| സി) സ്കൂളുകളിലെ ഉച്ചഭക്ഷണ വിതരണ ത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ ? | സി) സ്കൂളുകളിൽ നിന്ന് ഉച്ചഭക്ഷണത്തിന്റേയും കുടിവെള്ളത്തിന്റേയും സാമ്പിളുകൾ ശേഖരിച്ച് എൻ.എ.ബി.എൽ അക്രഡിറ്റേഷനുള്ള ലബോറട്ടറിയിൽ മൈക്രോബയോളജിക്കൽ പരിശോധനയ്ക്കു വിധേയമാക്കി വരുന്നുണ്ട്.കേന്ദ്ര സർക്കാരിന്റെ സ്പോൺസർഷിപ്പുള്ളതും കൊല്ലം മുണ്ടയ്ക്കലിൽ പ്രവർത്തിക്കുന്നതുമായ സി.ഇ.പി.സി.ഐ (കാഷ്യു എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ) ലബോറട്ടറി & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടാണ് സ്കൂളുകളിൽ നിന്ന് സാമ്പിളുകൾ ശേഖരിക്കുന്നതും പരിശോധനകൾ നടത്തുന്നതും ഇതോടൊപ്പം ഭക്ഷ്യ സുരക്ഷാ വകുപ്പ് ഉദ്യോഗസ്ഥർ, അതാത് പ്രദേശത്തെ സ്വയംഭരണ സ്ഥാപനങ്ങളിലെ |

ആരോഗ്യ വിഭാഗത്തിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ സ്കൂളുകളിൽ പരിശോധന നടത്തുകയും ആവശ്യമായ ഘട്ടങ്ങളിൽ ഭക്ഷണ സാമ്പിളുകൾ പരിശോധനയ്ക്കായി ശേഖരിക്കുകയും ചെയ്യുന്നു. ഉപജില്ലാ വിദ്യാഭ്യാസ കാര്യലയങ്ങളിലെ നൂൺമീൽ ഓഫീസർമാർ, വിദ്യാഭ്യാസ ഉപഡയറക്ടറേറ്റുകളിലെ നൂൺഫീഡിംഗ് സൂപ്പർ വൈസർമാർ, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഉച്ചഭക്ഷണവിഭാഗത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥ സംഘം, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവർ സ്കൂളുകൾ സന്ദർശിക്കുകയും ഭക്ഷണം പാചകം ചെയ്യുന്നതിലും അത് വിതരണം ചെയ്യുന്നതിലും പാലിക്കേണ്ട ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ, ശുചിത്വം എന്നിവ സ്കൂൾ അധികൃതർ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും ചെയ്യാറുണ്ട്.

സെക്ഷൻ ഓഫീസർ